പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1107

25.01.2018-ൽ മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം.ജോൺ :<br>ശ്രീ.കെ.മുരളീധരൻ :<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ:<br>ശ്രീ.അൻവർ സാദത്ത് ; | ശ്രീ.റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ മന്ത്രി) |
| (എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും, അഴിമതി മുക്തവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെൻറ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി പുതിയ 12 ബൊലേറോ ജീപ്പുകളും, അഡീഷണൽ എക്സൈസ് കമ്മീഷണർക്ക് (എൻഫോഴ്സ്മെന്റ്)- പുതിയ ഇന്നോവ ക്രിസ്റ്റ വാഹനവും ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പിൽ പൂർണ്ണമായി ഇ-ഓഫീസ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എക്സൈസ് ഹെഡ് ക്വാർട്ടേഴ്സിൽ ഇ-ഓഫീസ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. അഡീഷണൽ എക്സൈസ് കമ്മീഷണർ(എൻഫോഴ്സ്മെന്റ്)-ന്റെ ഓഫീസിലും, 3 മേഖലാ ഓഫീസുകൾ, 7 ഡിവിഷൻ ഓഫീസുകൾ എന്നിവിടങ്ങളിലും ഇ-ഓഫീസ് സിസ്റ്റം നടപ്പിലാക്കിവരുന്നു. |

സംസ്ഥാനത്തെ എല്ലാ റേഞ്ച് ഓഫീസുകളിലും കമ്പ്യൂട്ടറുകൾ സജ്ജീകരിച്ചിട്ടുണ്ട്. എക്സൈസ് അക്കാദമിയ്ക്കായും, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായും ഓരോ ബസുകൾ ലഭ്യമാക്കിയിട്ടുണ്ട്.

വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ പട്രോളിഗ് സ്ക്വാഡിന് രൂപം നൽകുകയും, 100 സ്കൂട്ടറുകൾ സ്ക്വാഡിന്റെഉപയോഗത്തിനായി നൽകിയിട്ടുമുണ്ട്.

എക്സൈസ് ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 10 ചെക്ക് പോസ്റ്റുകളിൽ കമ്പ്യൂട്ടറുകൾ സജ്ജീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റിൽ വാഹന പരിശോധന സുഗമമാക്കുന്നതിലേക്കായി എല്ലാ ചെക്ക് പോസ്റ്റുകളിലും ഡസ്റ്റ് മാസ്കുകൾ, കുടകൾ, ട്രാഫിക് കോണുകൾ, ഫ്ലൂറസെൻറ് ജാക്കറ്റുകൾ, എന്നിവ വിതരണം ചെയ്തിട്ടുണ്ട്. രാത്രി കാലങ്ങളിൽ വാഹന പരിശോധന സുഗമമായി നടത്തുന്നതിലേക്കായി 25 ചെക്ക് പോസ്റ്റുകളിൽ ഹൈമാസ്റ്റ് ലൈറ്റുകളും, വൈദ്യുതി ഇല്ലാത്ത 2 ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിങ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. 20 ചെക്ക് പോസ്റ്റുകളിലേക്കായി 20 ഇരുചക്രവാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ചെക്ക് പോസ്റ്റുകൾ സുതാര്യമാക്കുന്നതിലേക്കായി ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്ന് രാസ പരിശോധനയ്ക്കായി സാമ്പിൾ ശേഖരിക്കുന്നതിലേക്കായി 3 മേഖലകളിലുമായി ഓരോ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബുകൾ രൂപീകരിച്ചു. വകുപ്പിൽ നൽകിവരുന്ന പ്രധാന സേവനങ്ങളിൽ എഫ്.എൽ.3, എഫ്.എൽ.11 ലൈസൻസ് ഉൾപ്പെടെ 17 സർവ്വീസുകൾ ഓൺലൈനിൽ ആക്കിയിട്ടുണ്ട്. |
| (ബി) | എക്സൈസ് വകുപ്പിലെ മേജർ കേസുകളുടെ അന്വേഷണം സമയബന്ധിതമായി തീർപ്പാക്കുന്നതിന് ക്രൈം ബ്രാഞ്ച് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | എക്സൈസ് അക്കാഡമി നവീകരിക്കുന്നതിനും ജീവനക്കാർക്ക് കാലോചിതമായ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ഡി) | പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | വനിതാജീവനക്കാരെ കൂടുതൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ.